(സി) ഈ അദ്ധ്യായന വർഷം എം.ബി.ബി.എസ്. കോഴ്സിന് നിശ്ചയിക്കപ്പെട്ട ഫീസ് വിവരം താഴെ ചേർക്കുന്നു :

സർക്കാർ മെറിറ്റ് സീറ്റ്	-	1,38,000 രൂപ
ബി.പി.എൽ. വിഭാഗം	-	25,000 "
എസ്.ഇ.ബി.സി. വിഭാഗം	-	45,000 "
മാനേജ്മെന്റ് സീറ്റ്	-	5,50,000 "
പലിശരഹിത കരുതൽനിധി	-	5,00,000 "
എൻ.ആർ.ഐ. സീറ്റ്	-	9,00,000 "

മെഡിക്കൽ വിദ്യാർത്ഥിയുടെ പഠനത്തിന് സർക്കാർ ചെലവാക്കുന്ന തുക

56 (505) ശ്രീമതി കെ. എസ്. സലീല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു മെഡിക്കൽ വിദ്യാർത്ഥി പഠനം പൂർത്തിയാക്കുമ്പോൾ സംസ്ഥാന സർക്കാർ എത്ര രൂപ പ്രസ്തുത വിദ്യാർത്ഥിയുടെ പഠനത്തിനായി ചെലവഴിക്കുന്നു ;

(ബി) ഇത്തരത്തിൽ പഠനം പൂർത്തിയാക്കി ഡോക്ടർ ആകുന്നവർക്ക് സാമൂഹിക പ്രതിബദ്ധത കുറഞ്ഞുവരുന്നു എന്ന അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു മെഡിക്കൽ വിദ്യാർത്ഥിയുടെ പഠനത്തിനായി സർക്കാർ ചെലവാക്കുന്ന തുക എത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി&സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്പെഷ്യാലിറ്റി കേഡർ അപാകതകൾ പരിഹരിക്കൽ നടപടി

57 (506) ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സ്പെഷ്യാലിറ്റി കേഡർ അപാകതകൾ പരിഹരിക്കാനായി സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ ആവശ്യങ്ങൾ അനുവദിക്കണമെന്നാണ് ഡോക്ടർമാർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഈ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

1) ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി/അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി വിവിധ സ്പെഷ്യാലിറ്റികളിൽ ഉണ്ടായിട്ടുള്ള തസ്തികകളിലെ ഒഴിവിലേക്ക് നേരിട്ട് സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് സ്പെഷ്യലിസ്റ്റുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

2) വിവിധ സ്പെഷ്യാലിറ്റികളിലേക്ക് പ്രമോഷൻ മുഖേനയും, നിയമനം വഴിയും സ്വന്തം ജില്ലയിൽനിന്ന് മാറ്റംലഭിച്ച മിക്കവാറും ഡോക്ടർമാർക്ക് അവരുടെ ഓപ്റ്റഡ് ജില്ലകളിൽ/തസ്തികകളിൽ താൽക്കാലികമായി ക്രമീകരിച്ച് നിയമനം നൽകിയിട്ടുണ്ട്.

3) 31-12-2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച അസിസ്റ്റന്റ് സർജൻമാരിൽനിന്നും സ്പെഷ്യാലിറ്റി കേഡറിലേക്കുള്ള ഓപ്ഷൻ ലിസ്റ്റ് തയ്യാറാക്കിവരുന്നു.

4) സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയ മുഴുവൻ ആശുപത്രികളിലും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തി കോൺട്രാക്റ്റ് അടിസ്ഥാനത്തിലും താൽക്കാലിക സേവന വ്യവസ്ഥയിലും ഡോക്ടർമാരെ നിയമിച്ചു.

(ബി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുക, ഡോക്ടർമാരുടെ വർക്ക് പാറ്റേൺ, ആശുപത്രി നടത്തിപ്പ് എന്നിവ ക്രമീകരിക്കുക, ഡോക്ടർമാരുടെ തസ്തികകൾ നികത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

(സി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവുകൾ പരിഹരിക്കുന്നതിന് നേരിട്ടുള്ള നിയമനത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സർവ്വീസ് സംഘടനകളുടേയും, കേരള മെഡിക്കൽ ആഫീസേഴ്സ് അസോസിയേഷൻ ഭാരവാഹികളുടേയും യോഗം വിളിച്ചുചേർത്ത് ഡോക്ടർമാരുടെ ഡ്യൂട്ടിസമയം ക്രമീകരിക്കുന്നതിനായി വർക്ക് പാറ്റേൺ സംബന്ധിച്ച് രണ്ടുവട്ടം ചർച്ച പൂർത്തിയാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉടൻതന്നെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻകഴിയും.

ജോലിഭാരം കുറക്കുന്നതിനും എല്ലാ ആശുപത്രികളിലും മുഴുവൻ തസ്തികകളും നികത്തുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽകൂടുതൽ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly